(ബി) എങ്കിൽ, എന്താണ് സമരത്തിന് ആധാരമായ കാരണങ്ങളെന്ന് വിശദമാക്കാമോ;

(സി) എൻ. ആർ. എച്ച്.എം ജീവനക്കാർ ഉന്നയിച്ച ആവശ്യങ്ങളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പി. എച്ച്. സെന്ററുകളിലെ വാഹനങ്ങൾ</u>

4095 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പി. എച്ച് സെന്ററുകളിൽ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ലഭ്യമാക്കിയിട്ടുള്ള വാഹനങ്ങൾ നിലവിൽ ഉപയോഗിക്കുവാൻ കഴിയാത്ത നിലയിലുളളവ എത്രയാണെന്നും ആയത് ഏത് സെന്ററുകളിലാണെന്നതും സഹിതമുളള വിവരം ലഭ്യമാക്കുമോ;

(സി) പി. എച്ച്. സെന്ററുകൾക്ക് വാഹനങ്ങൾ നൽകുന്നതിനായി നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പി. എച്ച്. സി. കളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള നിയമനങ്ങൾ</u>

4096 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതിയതായി ആരംഭിച്ച പി. എച്ച്. സി. കളിൽ ജനസംഖ്യാനുപാതികമായി സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള നിയമനങ്ങൾ നടത്തിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>സി.എച്ച്.സി. താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ ഷിഫ്റ്റ് സമ്പ്രദായം</u>

4097 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.പി. സൗകര്യമുള്ള സി.എച്ച്.സി., താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ ഷിഫ്റ്റ് സമ്പ്രദായം നിലവിലുണ്ടോ; എങ്കിൽ, ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഷിഫ്റ്റ് സമ്പ്രദായം നടപ്പിൽ വരുത്താത്ത താലൂക്ക്, ജില്ലാ ആശുപത്രികൾ ഉണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് നടപ്പിൽ വരുത്താത്തത് എന്ന് വിശദമാക്കാമോ;

(സി) മതിയായ സ്റ്റാഫ് ഉണ്ടായിരുന്നിട്ടും ഷിഫ്റ്റ് സമ്പ്രദായം അട്ടിമറിക്കുന്ന സ്ഥാപന മേധാവികൾക്ക് ഷിഫ്റ്റ് ഏർപ്പെടുത്തണം എന്ന് കർശന നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

**ആരോഗ്യ വകുപ്പിൽ ജെ.പി.എച്ച്.എൻ. മാരുടെ സീനിയോറിറ്റി ലിസ്റ്റ്**

4098 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജെ.പി.എച്ച്.എൻ.മാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) അപാകതകൾ ഇല്ലാത്ത ജെ.പി.എച്ച്.എൻ. മാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് വകുപ്പ് തലത്തിൽ ഉത്തരവ് പുറപ്പെടുവിക്കുമോ; വ്യക്തമാക്കാമോ;

(സി) ജെ.പി.എച്ച്.എൻ.II-മാർക്ക് റേഷ്യോ 1:1 പ്രകാരം ജെ.പി.എച്ച്.എൻ. I ആയി പ്രമോഷൻ ലഭിയ്ക്കുന്നതിനുളള നടപടി സ്വീകരിക്കുമോ; ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അതിനുളള നിർദ്ദേശം കൊടുക്കുമോ;

(ഡി) ട്രൈബൽ പ്രദേശങ്ങളിൽ ജോലി നോക്കുന്ന ജെ.പി.എച്ച്.എൻ.മാർക്ക് സ്പെഷ്യൽ അലവൻസ് അനുവദിയ്ക്കുന്നതിനുളള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>അങ്കമാലി താലൂക്ക് ആശുപത്രിയിലേയും കാലടി സാമൂഹികാരോഗ്യകേന്ദ്രത്തിലേയും സ്റ്റാഫിന്റെ അപര്യാപ്തത</u>

4099 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി താലൂക്ക് ആശുപത്രിയിലും കാലടി സാമൂഹികാരോഗ്യകേന്ദ്രത്തിലും അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത ആശുപത്രികളിലുള്ള സ്റ്റാഫിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും കുറവുമൂലം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ, ആയതു പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെല്ലാമെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>കല്‍പ്പറ്റ മണ്ഡലത്തിലെ വാഴവറ്റ പി.എച്ച്.സി.യില്‍ മുഴുവന്‍ സമയ ഡോക്ടറുടെ സേവനം</u>

4100 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജക മണ്ഡലത്തിലെ വാഴവറ്റ പി.എച്ച്.സി.യില്‍ മുഴുവന്‍ സമയ ഡോക്ടറുടെ സേവനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിന്മേല്‍ ഏതെല്ലാം വകുപ്പുകളില്‍ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പി.എച്ച്.സി. യില്‍ മുഴുവന്‍ സമയ ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

കൊയിലാണ്ടി മണ്ഡലത്തിലെ തിരുവങ്ങൂർ, മേലടി എന്നീ സി.എച്ച്.സി കളിലെ സ്റ്റാഫ് പാറ്റേൺ

4101 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ തിരുവങ്ങൂർ, മേലടി എന്നീ സി.എച്ച്.സി കളിൽ നിലവിൽ സ്റ്റാഫ് പാറ്റേൺ സി.എച്ച്.സി ക്ക് അനുയോജ്യമായ നിലയിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സി. എച്ച്.സി കളിൽ ഇപ്പോഴുള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റാഫ് പാറ്റേൺ പ്രകാരം എല്ലാ തസ്തികയിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാം;

(ഡി) കൊയിലാണ്ടി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി കൾ ഏതെല്ലാം; എവിടെയെല്ലാം; പ്രസ്തുത പി. എച്ച്.സി കളിൽ ഓരോന്നിലും അനുവദിച്ചിട്ടുള്ള തസ്തിക എത്ര; കാറ്റഗറി തിരിച്ച് വിശദമാക്കാമോ; പ്രസ്തുത തസ്തികകളിൽ ഏതിലെങ്കിലും ഒഴിവുകൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(ഇ) പ്രസ്തുത മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എച്ച്.സി കളിൽ ലാബും മറ്റ് സംവിധാനങ്ങളും ശക്തിപ്പെടുത്തുന്നതിന് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിക്കും നീക്കി വച്ച/ചിലവഴിച്ച തുക എത്ര; വിശദമാക്കുമോ;

(എഫ്) കൊയിലാണ്ടി മണ്ഡലത്തിൽ സർക്കാർ സംവിധാനത്തിലും സർക്കാർ അംഗീകാരത്തോടെയും പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ സെന്റർ/പാലിയേറ്റീവ് മെഡിസിൻ സെന്ററുകൾ ഏതെല്ലാം; അവ ഏതൊക്കെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നു; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി</u>

4102 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജക മണ്ഡലത്തിൽ മലയോര മേഖലയിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരേയും മറ്റ് ജീവനക്കാരെയും നിയമിച്ച് ഐ.പി. വിഭാഗം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>ലെപ്രസി കൺട്രോൾ യൂണിറ്റിലെ തസ്തികകൾ</u>

4103 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ആശുപത്രികളിൽ ലെപ്രസി കൺട്രോൾ യൂണിറ്റിലെ തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്;

(ബി) കൊല്ലം ജില്ലയിലെ മറ്റ് എൽ.സി യൂണിറ്റിലെ തസ്തികകൾ അതാത് താലൂക്ക് ഹോസ്പിറ്റലുകളിൽ നില നിർത്തിയിരിക്കെ കുണ്ടറ താലൂക്ക് ആശുപത്രിയുടെ മാത്രം തസ്തികകൾ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കുണ്ടറ താലൂക്ക് ആശുപത്രിയിൽ ഡോക്ടർ, നഴ്സ് തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തിക

4104 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തിക ഇല്ലാത്തതിനാൽ ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത താലൂക്ക് ആശുപത്രിയിൽ സ്ഥിരം ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തിക ഉറപ്പുവരുത്താൻ എന്തെല്ലാം നടപടി സ്വീകരിക്കും; വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>രോഗപ്രതിരോധ മരുന്നുകൾ നൽകുന്നതിനുള്ള നിബന്ധനകൾ</u>

4105 ശ്രീ. ജി. സുധാകരൻ
,, എ. എം. ആരിഫ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യരംഗത്തു പ്രവർത്തിക്കുന്നവരൊഴികെയുള്ളവർ, രോഗപ്രതിരോധ മരുന്നുകൾ നൽകുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത നിബന്ധനകൾ പാലിച്ചിട്ടാണോ കേരള സന്ദർശനവേളയിൽ പാർലമെന്റ് അംഗമായ ശ്രീ. രാഹുൽഗാന്ധി പ്രതിരോധ മരുന്നു നൽകിയത്; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) നിയമാനുസൃതമല്ലാതെ പ്രവർത്തിച്ചവർക്കെതിരെ നടപടിയെടുക്കുന്നതിനു പകരം, ഇതു ചൂണ്ടിക്കാട്ടി റിപ്പോർട്ടു നൽകിയ ജില്ലാ മെഡിക്കൽ ഓഫീസറെ ഭീഷണിപ്പെടുത്തിയതായി വന്ന വാർത്തയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്
<u>ആരോഗ്യകേന്ദ്രങ്ങളിൽ മഴവെള്ള സംഭരണി</u>

4106 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യകേന്ദ്രങ്ങളിൽ മഴവെള്ള സംഭരണി നിർമ്മിച്ചു നൽകുന്നത് പരിഗണനയിൽ ഉണ്ടോ;

(ബി) വേനൽക്കാലത്ത് സർക്കാർ ആശുപത്രികളിലേക്ക് വില നൽകി വെള്ളം വാങ്ങുന്ന സാഹചര്യം പരിഗണിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിലെ ചികിത്സാ പിഴവ്</u>

4107 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, രാജു എബ്രഹാം
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ മരുന്നു കുത്തിവെയ്പിനെത്തുടർന്ന് രോഗി മരിക്കാനിടയായതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തൽ അറിയിക്കാമോ;

(ബി) ഇതിനെ തുടർന്ന് ഏതൊക്കെ മരുന്നുകളാണ് നിരോധിച്ചത്; മറ്റു രോഗികളെ ആശുപത്രിയിൽ നിന്നും മാറ്റാനിടയായ സാഹചര്യം എന്തായിരുന്നു;

(സി) ഇക്കാര്യത്തിൽ ഔഷധ ഗുണ നിയന്ത്രണ വകുപ്പിന്റെ പങ്ക് പരിശോധിച്ച് എന്തൊക്കെ നടപടി സ്വീകരിച്ചു;

(ഡി) ചികിത്സാ പിഴവിനാൽ ജീവൻ നഷ്ടപ്പെട്ട രോഗിയുടെ ആശ്രിതർക്ക് സഹായം നൽകിയോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>സി. എച്ച്. സി. കളിലേയും, പി. എച്ച്. സി. കളിലേയും പശ്ചാത്തല സൗകര്യങ്ങൾ</u>

4108 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെയും, പി. എച്ച്. സി കളിലെയും പശ്ചാത്തല സൗകര്യങ്ങൾ ഉയർത്തുന്നതിനും, ഇവിടങ്ങളിലെ സ്റ്റാഫ് പാറ്റേൺ ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ദുരന്തനിവാരണ സേന

4109 ശ്രീ. ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, എം. പി. വിൻസന്റ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ദുരന്ത നിവാരണ സേന രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സേനയിലെ അംഗങ്ങൾ ആരൊക്കെയാണ് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>മാനസിക ആരോഗ്യ നയം</u>

4110 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ വാഹിദ്
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസിക ആരോഗ്യ നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത നയത്തിന്റെ പ്രധാന വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നയം എന്ന് പ്രസിദ്ധീകരിക്കാനാകും; വിശദമാക്കാമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മെഡിക്കൽ റീ - ഇമ്പേഴ്സ്മെന്റ് ക്ലയിം

4111 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലയിമുകളുമായി ബന്ധപ്പെട്ട് ഡയറക്ട്രേറ്റ് ഓഫ് ഹെൽത്ത് സർവ്വീസിൽ ലഭിച്ചിട്ടുള്ള ഫയലുകളിൽ അടിയന്തരമായി തീരുമാനമെടുക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>കെ. എച്ച്. ആർ. ഡബ്ല്യു. എസ്. ലെ ദിവസവേതനക്കാർക്കുള്ള ആനുകൂല്യങ്ങൾ</u>

4112 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എച്ച്. ആർ. ഡബ്ല്യു. എസ്. ലെ ദിവസവേതനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഇതിലെ ഏതെങ്കിലും വിഭാഗം ജീവനക്കാർക്ക് ഇ. എസ്. ഐ ആനുകൂല്യം ലഭിക്കുന്നുണ്ടോ; എങ്കിൽ ആർക്കെല്ലാം ലഭിക്കുന്നു എന്നും എല്ലാ ജീവനക്കാർക്കും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ;

(സി) കെ. എച്ച്. ആർ. ഡബ്ല്യു. എസ് ദിവസ വേതനക്കാരുടേയും കോൺട്രാക്ട് ജീവനക്കാരുടേയും പ്രായപരിധി സംബന്ധിച്ച് എന്തെങ്കിലും നിബന്ധന നിലവിലുണ്ടോ; എങ്കിൽ പ്രായപരിധി കഴിഞ്ഞ ആരെങ്കിലും ജോലിയിൽ തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ൽ ദിവസവേതനക്കാരുടെ നിയമനം</u>

4113 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ൽ 2010 ജനുവരി 1-ന് 10 വർഷം പൂർത്തിയാക്കിയ ദിവസവേതനക്കാരായ ജോലിക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാരോ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ഗവേണിംഗ് ബോഡിയോ തീരുമാനിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ബി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ൽ ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയോ, ലോകായുക്തയോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ഉത്തരവിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) എങ്കിൽ നിയമിക്കപ്പെട്ടവരുടെ പേര്, എവിടെ നിയമിച്ചു ; നൽകപ്പെട്ട വേതനം എന്നിവ വ്യക്തമാക്കുമോ ;

(ഇ) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ൽ 10 വർഷം പൂർത്തിയാക്കിയ വികലാംഗരായ ജീവനക്കാർക്ക് സ്ഥിരനിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ള ഉപകരണങ്ങൾ</u>

4114 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ലഭ്യമായിട്ടുള്ള ഏതെല്ലാം മെഡിക്കൽ ഉപകരണങ്ങളാണ് ഇനിയും ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ളത്; ആയതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉപകരണങ്ങൾ ആശുപത്രിയിൽ ലഭ്യമാക്കിയത് എന്നാണ്; ഇവയുടെ വിലയും ഏത് ഏജൻസി മുഖാന്തിരം ആണ് അവ ലഭ്യമാക്കിയതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

## പ്രവര്‍ത്തനം ആരംഭിച്ച പുതിയ മെഡിക്കല്‍ കോളേജുകള്‍

4115 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം പുതുതായി അനുവദിച്ച മെഡിക്കല്‍ കോളേജുകളില്‍ ഏതെല്ലാം പ്രവര്‍ത്തനം ആരംഭിച്ചു; ബാക്കിയുള്ളവ എന്ന് പ്രവര്‍ത്തനം ആരംഭിക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പുതിയ സർക്കാർ മെഡിക്കൽ കോളേജുകളിലെ തസ്തികകൾ</u>

T.4116 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിലേക്കായി സൃഷ്ടിച്ച തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

<u>ഡോക്ടർമാരുടെ ഒഴിവുകൾ</u>

4117 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും ഒഴിവുകൾ ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കാമോ;

(ബി) ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ അടിയന്തിര നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പി.എച്ച്.സി കളിലും സി.എച്ച്.സി കളിലും നിലവിലുള്ള ഡോക്ടർമാരുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ</u>

4118 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജിലെയും മറ്റു ആശുപത്രികളിലേയും ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ആരോഗ്യ വകുപ്പിൽ പഞ്ചിംഗ് സമ്പ്രദായം</u>

4119

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ ഏതെല്ലാം സ്ഥാപനങ്ങളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ എന്തെല്ലാം നടപടി സ്വീകരിക്കും; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

ഭക്ഷ്യസുരക്ഷാനിയമം

4120 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാനിയമപ്രകാരം സംസ്ഥാനത്ത് 2013 ഡിസംബർ 31 വരെ എത്രപേർ രജിസ്ട്രേഷൻ നേടിയിട്ടുണ്ട്; ആയതിൽ എത്ര സ്ഥാപനങ്ങൾ ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഭക്ഷ്യവിഷബാധയേറ്റ് എത്രപേർ മരണപ്പെട്ടു; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) ഭക്ഷ്യസുരക്ഷാവകുപ്പ് 2013-14 നടപ്പുവർഷം ഡിസംബർ 31 വരെ എത്ര റെയ്ഡുകൾ നടത്തി; എന്ത് തുക പിഴയിനത്തിൽ ഈടാക്കി; എത്ര കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്തു; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാവകുപ്പിൽ ആകെ ജീവനക്കാരുടെ എണ്ണം എത്ര; നിലവിൽ എത്ര സർക്കിളുകളിൽ ഫുഡ് ഇൻസ്പെക്ടർമാരില്ല; വ്യക്തമാക്കുമോ;

(ഇ) ഭക്ഷ്യസുരക്ഷാവകുപ്പിന്റെ ജീവനക്കാരുടെ കുറവ് പരിഹരിക്കാനും ഒരു നിയോജകമണ്ഡലത്തിൽ ഒരു ഫുഡ് ഇൻസ്പെക്ടറെ വീതം നിയമിക്കാനും എന്ത് നടപടി സ്വീകരിക്കും; വിശദമാക്കുമോ;

(എഫ്) ഭക്ഷ്യസുരക്ഷാവകുപ്പിന് ഏതൊക്കെ ജില്ലകളിൽ സ്വന്തം വാഹനം ഇല്ല; ഇവിടത്തെ ഉദ്യോഗസ്ഥർ ബസ്സിൽ പോയി റെയ്ഡിന് നേതൃത്വം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാ ലൈസന്‍സ് എടുക്കുന്നതിനുള്ള നടപടിക്രമം</u>

4121

ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പില്‍ കൂടുതല്‍ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എല്ലാ ജില്ലകളിലും ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമൂലം വകുപ്പിന്റെ പ്രവര്‍ത്തനം കാര്യക്ഷമമല്ല എന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഭക്ഷ്യസുരക്ഷാ ലൈസന്‍സ് എടുക്കുന്നതിനുള്ള നടപടിക്രമങ്ങള്‍ വ്യക്തമാക്കാമോ;

(ഡി) ഭക്ഷ്യസുരക്ഷാ ലൈസന്‍സിനായി വ്യാപാരികള്‍ രണ്ടു തരം ലൈസന്‍സ് എടുക്കുന്നതായി പരാതി ഉയരുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള്‍ ലൈസന്‍സ് എടുപ്പിക്കുന്നതിന് നിര്‍ബന്ധിക്കുന്നതും ഒഴിവാക്കുന്നതിന് വകുപ്പുതല ഏകോപനം സാധ്യമാക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(ഇ) വ്യാപാരികള്‍ ലൈസന്‍സ് എടുക്കുന്നതുമായി ബന്ധപ്പെട്ട് അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ; ഫുഡ് സേഫ്റ്റി ലൈസന്‍സ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള്‍ വഴി ലഭ്യമാക്കുവാന്‍ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 03.02.2014-ലെ മറുപടിക്ക്

<u>ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും കർശന ശുചിത്വ മാനദണ്ഡങ്ങൾ</u>

4122 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും കർശന ശുചിത്വ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ടാങ്കര്‍ ലോറികള്‍ക്കും കുടിവെള്ള സ്രോതസുകള്‍ക്കും ശാസ്ത്രീയമായ മാനദണ്ഡങ്ങള്‍</u>

4123 ശ്രീ. ജോസഫ് വാഴക്കന്‍
'' ഡൊമിനിക് പ്രസന്റേഷന്‍
'' വര്‍ക്കല കഹാര്‍
'' കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പ് ശുദ്ധമായ കുടിവെള്ളം കൊണ്ടുവരുന്നതിനായി ടാങ്കര്‍ ലോറികള്‍ക്കും കുടിവെള്ള സ്രോതസുകള്‍ക്കും ശാസ്ത്രീയമായ മാനദണ്ഡങ്ങള്‍ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ഫുഡ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ

T.4124 ശ്രീ.ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഫുഡ് ഇൻസ്പെക്ടർമാരുടെ ആകെ എത്ര തസ്തികകളാണ് നിലവിലുളളത്; ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) ഫുഡ് ഇൻസ്പെക്ടർമാരുടെ തസ്തികയുടെ എണ്ണം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുളള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഭക്ഷ്യ സുരക്ഷാവകുപ്പിലെ ഉദ്യോഗസ്ഥരുടെ അപര്യാപ്തത കേന്ദ്രഭക്ഷ്യസുരക്ഷാനിയമം നടപ്പാക്കുന്ന നടപടിയെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സാഹചര്യം നേരിടാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം</u>

T.4125 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താന്‍ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) അന്യസംസ്ഥാനങ്ങളില്‍ നിന്നും വരുന്ന പഴം, പച്ചക്കറി എന്നിവയില്‍ കൂടിയ അളവില്‍ വിഷാംശം അടങ്ങിയിട്ടുണ്ട് എന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഗുണനിലവാരം പരിശോധിക്കാന്‍ എന്ത് സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തില്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ;

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ഹോട്ടലുകളിലെ ശുചിത്വവും ഗുണനിലവാരവും</u>

4126 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ശുചിത്വമുള്ളതും ഗുണനിലവാരമുള്ളതുമായ ഭക്ഷണം ലഭ്യമാവുന്നു എന്നുറപ്പു വരുത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) ഹോട്ടൽ ഭക്ഷണത്തിൽ നിന്നും ഭക്ഷ്യവിഷബാധയേറ്റ് സംസ്ഥാനത്ത് എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ; 01.07.2011 മുതൽ 30.11.2013 വരെയുള്ള കണക്ക് ലഭ്യമാക്കാമോ ?

(സി) സംസ്ഥാനത്തെ ഹോട്ടലുകൾ വൃത്തിയും വെടിപ്പുമുള്ളതായി സൂക്ഷിക്കുന്നതിനും ഗുണനിലവാരമുള്ള ഭക്ഷണം നൽകുന്നുഎന്നുറപ്പു വരുത്തുന്നതിനുമായി ഫുഡ്സേഫ്റ്റി വകുപ്പ് ഉദ്യോഗസ്ഥൻമാർ ഓരോ ജില്ലയിലും എന്തെല്ലാം നടപടി സ്വീകരിച്ചു ; എത്ര ഭക്ഷണശാലകളിൽ പരിശോധനകൾ നടത്തി ; എത്ര കേസ്സുകൾ കണ്ടെത്തി ; എത്ര ഹോട്ടലുകൾ പൂട്ടിച്ചു ; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്
<u>ഗുണനിലവാരമില്ലാത്തതും മായം ചേർത്തതുമായ പാൽ വിതരണം</u>

4127 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്തതും മായം ചേർത്തതുമായ പാൽ വിതരണം ചെയ്താൽ ഗുരുതരമായ കൃത്യമായി കണക്കാക്കി ശിക്ഷ ഉറപ്പാക്കണം എന്ന് ബഹു. സുപ്രീം കോടതി വിധി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>മായം ചേർത്ത പാൽ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട കേസുകൾ</u>

4128 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മായം ചേർത്ത പാൽ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ഫുഡ് സേഫ്റ്റി വിഭാഗം രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസിലുള്ള കൺവിക്ഷൻ റേറ്റ് എത്രശതമാനമാണെന്ന് വിശദമാക്കുമോ;

(സി) കേരളത്തിലെ തട്ടുകടകളിലുള്ള പാൽ കൂടുതലും ഇത്തരത്തിലുള്ള മായം ചേർത്ത പാലാണെന്നുള്ള ആക്ഷേപം ശരിയാണോ; ഇക്കാര്യം ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

എം. ബി. ബി. എസ് സീറ്റ് വർദ്ധന

4129 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ രാജ്യമൊട്ടാകെ എം. ബി. ബി. എസ്. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും നിർദ്ദേശം സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ടോ ;

(സി) സംസ്ഥാനത്തൊട്ടാകെ എത്ര സീറ്റുകളാണ് ഇതിൻ പ്രകാരം വർദ്ധിപ്പിച്ച് ലഭിക്കുക ; ഏതൊക്കെ കോളേജുകളിൽ എത്ര സീറ്റ് വീതം എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

<u>നഴ്സിംഗ് കോളേജുകളിലെ അധ്യാപകനിയമനം</u>

4130 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ നഴ്സിംഗ് കോളേജുകളാണ് ഉള്ളതെന്നും ഏതെല്ലാം കോഴ്സുകളാണ് ഇവിടെ നടത്തുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഈ നഴ്സിംഗ് കോളേജുകൾ നടത്തുന്നതിന് ആരാണ് അംഗീകാരം നൽകുന്നത്;

(സി) നഴ്സിംഗ് കോളേജുകളിൽ അധ്യാപക–വിദ്യാർത്ഥി അനുപാതം എത്രയായാണ് നിജപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഇന്ത്യൻ നഴ്സിംഗ് കൗൺസിലും കേരള നഴ്സിംഗ് കൗൺസിലും അനുശാസിക്കുന്ന അനുപാതപ്രകാരമല്ല കേരളത്തിലെ നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നതെന്ന് കാണിച്ച് നോട്ടീസ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപാകത എങ്ങനെയാണ് പരിഹരിച്ചതെന്ന് അറിയിക്കുമോ;

(ഇ) ബോണ്ടഡ് ലക്ചറേഴ്സ് എന്ന പേരിൽ എം.എസ്.സി. നഴ്സിംഗ് പാസ്സായവരെ അധ്യാപകരായി നിയമിക്കാറുണ്ടോ; എങ്കിൽ ഇവരെ നിയമിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(എഫ്) ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെയും കേരള നഴ്സിംഗ് കൗൺസിലിന്റെയും മാനദണ്ഡം അനുസരിച്ച് കേരളത്തിലെ നഴ്സിംഗ് കോളേജുകളിൽ നഴ്സിംഗ് പഠനത്തിന്റെ നിലവാരം ഉയർത്തുന്നതിന് എത്ര സീനിയർ ലക്ചറർ തസ്തികകളാണ് സൃഷ്ടിക്കേണ്ടത്; ഇതിലേയ്ക്കായി കൗൺസിലുകൾ നൽകിയിട്ടുള്ള ശുപാർശയിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ജി) നിലവിൽ പി.എസ്.സി.യിൽ സീനിയർ ലക്ചറർ ഇൻ നഴ്സിംഗ് എന്ന തസ്തികയിലേയ്ക്കായി റാങ്ക് ലിസ്റ്റ് നിലവിലുള്ളതായി അറിയുമോ; എങ്കിൽ എത്രപേരെ

നിയമിച്ചിട്ടുണ്ട്;

(എച്ച്) ഈ റാങ്ക് ലിസ്റ്റിൽനിന്നും കൊച്ചി സഹകരണ മെഡിക്കൽ കോളേജുകളിലേയ്ക്ക് നഴ്സിംഗ് അധ്യാപകരായി നിയമിക്കുന്നതിന് പരിഗണിക്കുമോ;

(ഐ) എം.എസ്.സി. നഴ്സിംഗ് യോഗ്യതയുള്ളവരെ സംസ്ഥാനത്തെ ആശുപത്രികളിൽ ഹെഡ് നഴ്സ്, നഴ്സിംഗ് ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് നേരിട്ട് നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>നഴ്സിംഗ് സ്കൂളുകളിൽ ട്യൂട്ടർ നിയമനം</u>

4131 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനു കീഴിൽ സർക്കാർ നഴ്സിംഗ് സ്കൂളുകൾ ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, നഴ്സിംഗ് ട്യൂട്ടർ, പി.എച്ച്.എൻ ട്യൂട്ടർ എന്നീ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ആരോഗ്യ വകുപ്പിനു കീഴിലെ സർക്കാർ നഴ്സിംഗ് സ്കൂളുകളിൽ യോഗ്യരായ സ്റ്റാഫ് നഴ്സ്/ഹെഡ് നഴ്സുമാരെ നഴ്സിംഗ് ട്യൂട്ടർമാരായി ബൈട്രാൻസ്ഫർ നിയമനം നടത്തി 30/07/2013ൽ ഡയറക്ടർ ഇറക്കിയ ഉത്തരവ് റദ്ദാക്കുവാനുള്ള സാഹചര്യം വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസ് അടിയന്തിരമായി തീർപ്പാക്കി നഴ്സിംഗ് സ്കൂളുകളിൽ നഴ്സിംഗ് ട്യൂട്ടർമാരുടെ സ്ഥിര നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) കേസ് തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നപക്ഷം കേരള ഹൈക്കോടതിയുടെ അനുമതിയോടെ നഴ്സിംഗ് സ്കൂളുകളിൽ ട്യൂട്ടർമാരുടെ നിയമനം നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

പാരാമെഡിക്കൽ കോഴ്സുകളും മാനദണ്ഡങ്ങളും

4132 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തോടുകൂടി സംസ്ഥാനത്ത് ഏതെല്ലാം സ്വകാര്യസ്ഥാപനങ്ങളിൽ എം.എൽ.റ്റി., ഡി.എം.എൽ.റ്റി., ബി.എസ്.സി.എം.എൽ.റ്റി. എന്നീ പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്നുണ്ട്; അംഗീകാരം ഇല്ലാതെ മേൽ സൂചിപ്പിച്ച പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന സ്വകാര്യസ്ഥാപനങ്ങൾ ഏതെല്ലാം; പട്ടിക ലഭ്യമാക്കുമോ;

(ബി) പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ/ആശുപത്രികളിൽ പ്രസ്തുത കോഴ്സുകൾ പഠിച്ച് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയിട്ടുള്ള വിദ്യാർത്ഥികൾക്ക് പി.എസ്.സി. റിപ്പോർട്ട് ചെയ്യുന്ന തസ്തികകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് പഠിച്ച് ന്യൂനതകൾ പരിഹരിച്ച് പാരാമെഡിക്കൽ വിദ്യാഭ്യാസത്തെക്കുറിച്ച് നിയമനിർമ്മാണം നടത്തുവാൻ തയ്യാറാകുമോ;

(ഇ) സംസ്ഥാന ഹെൽത്ത് അതോറിറ്റി(പാരാമെഡിക്കൽ കൗൺസിൽ)യുടെ അംഗീകാരം ഇല്ലാതെ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ/ആശുപത്രികളെ നിയന്ത്രിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുമോ?

**കേരള നിയമസഭ**
**03.02.2014–ലെ മറുപടിക്ക്**

<u>മൈക്രോബയോളജി അദ്ധ്യാപക നിയമനം</u>

4133 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഏതെല്ലാം പാരാമെഡിക്കൽ കോഴ്സുകളാണ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ മൈക്രോ ബയോളജി കോഴ്സിന്റെ അദ്ധ്യാപക തസ്തികയ്ക്കുള്ള യോഗ്യതകൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ;

(സി) പ്രസ്തുത യോഗ്യതയുള്ള നോൺ മെഡിക്കൽ വിഭാഗം ജീവനക്കാർക്ക് മൈക്രോ ബയോളജി അദ്ധ്യാപക തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി ചെറുതാഴം പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തം കെട്ടിടം</u>

4134 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ ആരോഗ്യവകുപ്പിനുകീഴിലുള്ള പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും കെട്ടിടത്തിന്റെ പ്രവൃത്തി ഉടൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>തൃശ്ശൂർ മെഡിക്കൽ കോളേജിൽ ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തിക</u>

4135 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജിലെ ദ്വിഭരണ സമ്പ്രദായം അവസാനിപ്പിച്ചത് വഴി തൃശ്ശൂർ മെഡിക്കൽ കോളേജിൽ എത്ര ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തിക നിലവിൽ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ തസ്തിക ഗസറ്റഡ് പദവിയിലുള്ളതാണോ എന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഗസറ്റഡ് പദവി നൽകുന്നതിന് ഡി.എം.ഇ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ആയൂർവ്വേദ ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ

4136 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സർക്കാർ ആയുർവ്വേദ ആശുപത്രികളിലാണ് സ്പെഷ്യാലിറ്റി ചികിത്സകൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും ജില്ലാ ആയുർവ്വേദ ആശുപത്രികളിലോ താലൂക്ക് ആയുർവ്വേദ ആശുപത്രികളിലോ സ്പെഷ്യാലിറ്റി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ആയുർവേദ മേഖലയുടെ പ്രവർത്തനം

4137 ശ്രീ. വി. എസ്. സുനിൽ കുമാർ
'' മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അലോപ്പതി, ദന്തൽ മേഖലകളിൽ നിലനില്ക്കുന്ന റസിഡൻസി സമ്പ്രദായം ആയൂർവേദ മേഖലയിൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഈ സമ്പ്രദായം നടപ്പാക്കാൻ കഴിയാതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ആയൂർവേദ കോളേജ് ആശുപത്രികളിൽ എത്ര രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ടെന്നും ഈ ആശുപത്രികളിൽ 2012 വർഷത്തിൽ ചികിത്സ തേടിയെത്തിയവരുടെ എണ്ണം എത്രയാണെന്നും ഇതിൽ ഒ.പി, ഐ.പി. വിഭാഗങ്ങളിൽ എത്ര വീതമാണെന്നും വിശദമാക്കാമോ;

(സി) ആയൂർവേദ കോളേജ് ആശുപത്രികളിലായി എത്ര പോസ്റ്റ് ഗ്രാഡ്വേറ്റ് വിദ്യാർത്ഥികളും എത്ര ഹൗസ് സർജൻമാരും സേവനം അനുഷ്ഠിക്കുന്നുണ്ട് എന്നറിയിക്കുമോ;

(ഡി) ഈ ആശുപത്രികളിൽ ഇരുപത്തിനാല് മണിക്കൂറും വൈദ്യ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണെന്ന് വിശദമാക്കുമോ;

(ഇ) മറ്റ് മേഖലകളുമായി തട്ടിച്ചുനോക്കുമ്പോൾ ആയൂർവേദ മേഖലയിൽ പി.ജി, ഹൗസ് സർജൻസ് സ്റ്റൈഫന്റിന് വലിയ വ്യത്യാസമുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പരിയാരം ആയുർവ്വേദ കോളേജ് ആശുപത്രിയിലെ പ്രവൃത്തികൾ</u>

4138 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ പരിയാരം സർക്കാർ ആയുർവ്വേദ കോളേജ് ആശുപത്രിയിൽ പൂർത്തിയാക്കിയതും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും ഭരണാനുമതി ലഭ്യമായതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോളേജിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>കരിവെള്ളൂരിൽ ആയുർവേദ സബ്സെന്റർ</u>

4139

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കരിവെള്ളൂർ - പെരളം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പുത്തൂർ ആയുർവേദ ഡിസ്പെൻസറിക്ക് കീഴിൽ കരിവെള്ളൂർ തെരു-കുതിര് പ്രദേശത്ത് സബ് സെന്റർ ആരംഭിക്കണമെന്ന പ്രൊപ്പോസലിൽ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സബ്സെന്റർ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി</u>

4140

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അങ്ങാടിപ്പുറം പഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറിക്കാവശ്യമായ എല്ലാവിധ ഭൗതിക സൗകര്യങ്ങളോടുകൂടി തയ്യാറാക്കിയിട്ടുള്ള കെട്ടിടത്തിൽ ആയുർവേദ ഡിസ്പെൻസറി അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ചിറക്കര ഗ്രാമപഞ്ചായത്തിൽ സർക്കാർ അധീനതയിൽ പുതിയ ആയുർവേദ ആശുപത്രി

4141 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ നിലവിലുളളത് എൻ. ആർ. എച്ച്. എം. മുഖേന പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രി ആയതിനാൽ പുതിയ തസ്തിക സൃഷ്ടിച്ച് സർക്കാർ അധീനതയിൽ ആയുർവേദ ആശുപത്രി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി 20/09/2013 ന് നൽകിയ 24312/ഡി/2013 നമ്പർ കത്ത് പ്രകാരം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് അറിയിക്കുമോ;

(സി) എത്രയും പെട്ടന്ന് പ്രസ്തുത ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ആരോഗ്യമേഖലയിൽ കോളോക്കേഷൻ പദ്ധതി</u>

4142 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 ലെ ബഡ്ജറ്റ് നിർദ്ദേശമായ അലോപ്പതി-ആയുർവേദ-ഹോമിയോ സംവിധാനങ്ങൾ പ്രൈമറി തലത്തിൽ ഏകോപിപ്പിച്ച് ഹോളിസ്റ്റിക്ക് ക്ലിനിക്കുകളായി മാറ്റുന്ന സംവിധാനം സംസ്ഥാനത്ത് എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെന്ന് വ്യക്തമാക്കാമോ;

(ബി) ആരോഗ്യമേഖലയിൽ കോളോക്കേഷൻ പദ്ധതി നടപ്പാക്കുവാൻ നടപടി കൈക്കൊള്ളുമോ;

(സി) കോളോക്കേഷൻ പദ്ധതി നടപ്പാക്കിയാൽ ഒരു കേന്ദ്രത്തിന് എൻ.ആർ.എച്ച്.എം വഴി അടിസ്ഥാനസൗകര്യ വികസനത്തിനും മറ്റ് ചെലവുകൾക്കുമായി കേന്ദ്ര സർക്കാർ എന്തു തുക സംസ്ഥാന സർക്കാരിന് നൽകുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാത്തതുമൂലം എത്ര തുക നഷ്ടപ്പെടുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതിക്കെതിരെ നിലകൊള്ളുന്നത് ആരാണെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ആയുഷ് വകുപ്പ് രൂപീകരണം</u>

4143

ശ്രീ. ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുപ്രകാരം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>'ആയുഷ്' പദ്ധതി</u>

4144 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. എച്ച്. എം-നു കീഴിൽ കേന്ദ്രസർക്കാർ പദ്ധതിയായ 'ആയുഷ്' കേരളത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എല്ലാ ചികിത്സാ പദ്ധതികളും ഒരേ സംവിധാനത്തിൻ കീഴിൽ ക്രമീകരിക്കുന്ന പ്രസ്തുത പദ്ധതി ഓരോ പി. എച്ച്. സി യിലും നടപ്പിലാക്കുവാൻ എന്തു തുകയാണ് കേന്ദ്രസർക്കാർ അനുവദിക്കുന്നത്;

(ബി) സംസ്ഥാന സർക്കാർ ഇതിന് അംഗീകാരം നൽകിയിട്ടുണ്ടോ; എന്തുകൊണ്ടാണ് സംസ്ഥാന സർക്കാർ ഇതിന് അംഗീകാരം നൽകാത്തത് എന്നു വ്യക്തമാക്കാമോ; ഇതുമൂലം പ്രതിവർഷം എന്തു തുകയുടെ നഷ്ടമാണ് ഉണ്ടാകുന്നത് എന്ന് വ്യക്തമാക്കാമോ; ആയുഷ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

തിരുവനന്തപുരം ആയുഷ് ഹോസ്പിറ്റൽ ആധുനിക വൽക്കരണം

4145 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി, ആയുർവേദം, നാചുറോപ്പതി എന്നീ മൂന്നു ചികിത്സാരീതികളും ഒരേ കുടക്കീഴിൽ പ്രവർത്തിച്ചുവരുന്ന തിരുവനന്തപുരം ജില്ലയിലെ വിനോബാനികേതനിലെ ആയുഷ് ഹോസ്പിറ്റൽ ഏറ്റെടുത്ത് ആധുനികവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ വിനോബാനികേതനിലെ ആയുഷ് ഹോസ്പിറ്റൽ</u>

4146 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിനോബാനികേതനിൽ പ്രവർത്തിച്ചുവരുന്ന ആയുഷ് ഹോസ്പിറ്റൽ അടച്ചുപൂട്ടൽ ഭീഷണിയിലാണ് എന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആശുപത്രി തുടർന്നു പ്രവർത്തിപ്പിക്കുന്നതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ഹോമിയോ ആശുപത്രികളിൽ ആയുഷ് മെഡിക്കൽ ഓഫീസർമാർ

4147 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ഹോമിയോ ആശുപത്രികളിൽ ആകെ എത്ര ആയുഷ് മെഡിക്കൽ ഓഫീസർമാരെയാണ് നിയമിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ആയുഷ് മെഡിക്കൽ ഓഫീസർമാർക്ക് ശമ്പളം കൃത്യമായി ലഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

**മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലാബുകൾ**

4148 ശ്രീ. കെ. മുഹമ്മദുണ്ണിഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരം പരിശോധിക്കുന്ന ലാബുകൾ ഇപ്പോൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്;

(ബി) മലബാറിൽ ഇത്തരം ലാബ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

**<u>അനലിറ്റിക്കൽ ലാബുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടി</u>**

4149

ശ്രീ. എം. പി. വിൻസെന്റ്
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനലിറ്റിക്കൽ ലാബുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പിയോഗ്ലിറ്റോസോൺ അടങ്ങിയ പ്രമേഹമരുന്നുകൾ</u>

4150

ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ പാർശ്വഫലങ്ങൾ ഉണ്ടാക്കുന്ന പിയോഗ്ലിറ്റോസോൺ അടങ്ങിയ പ്രമേഹമരുന്നുകൾ ഇപ്പോൾ വീണ്ടും വിപണിയിൽ ഇറക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പിയോഗ്ലിറ്റോസോൺ അടങ്ങിയ പ്രമേഹമരുന്നുകൾ കേന്ദ്ര സർക്കാർ നിരോധിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(സി) കേന്ദ്രസർക്കാർ നിരോധിക്കുകയും പിന്നീട് നിരോധനം പിൻവലിച്ച് മരുന്ന് വിപണിയിൽ ഇറക്കുകയും ചെയ്തതിനാൽ ജനങ്ങൾക്കുണ്ടായ ആശങ്ക മാറ്റുവാനുള്ള എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ഹോമിയോ ഫാർമസിസ്റ്റ് നിയമനം</u>

4151 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോമിയോ മെഡിക്കൽ സർവ്വീസിലേയ്ക്ക് ഫാർമസിസ്റ്റ് തസ്തികയിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നും ഏറ്റവും ഒടുവിൽ നിയമനം നടത്തിയ തീയതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നിഷ്കർഷിക്കപ്പെട്ട യോഗ്യതകൾ എന്തെല്ലാം;

(സി) നിശ്ചിത യോഗ്യതയില്ലാത്ത എത്ര ജീവനക്കാർ നിലവിൽ ഈ തസ്തികയിൽ സേവനം അനുഷ്ടിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ഇത്തരം പോരായ്മകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ഹോമിയോ ആശുപത്രികളിൽ സെക്യൂരിറ്റി ജീവനക്കാർ</u>

4152 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ഹോമിയോ ആശുപത്രികളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പ്രസാദം പദ്ധതി</u>

4153 ശ്രീ. സി. പി. മുഹമ്മദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാരതീയ ചികിത്സാ വകുപ്പ് നടപ്പിലാക്കുന്ന പ്രസാദം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) വിദ്യാർത്ഥികളിലെ രക്തക്കുറവ് പാർശ്വഫലരഹിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>ഋതു പദ്ധതി</u>

4154 ശ്രീ. ആർ. സെൽവരാജ്
'' പി. സി. വിഷ്ണുനാഥ്
'' പാലോട് രവി
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാരതീയ ചികിത്സാ വകുപ്പ് നടപ്പാക്കുന്ന ഋതു പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖാന്തിരം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) വിദ്യാർത്ഥികളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

പുനലൂരിലെ പ്രകൃതിചികിത്സാ കേന്ദ്രം

4155 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന പ്രകൃതിചികിത്സാ കേന്ദ്രത്തിൽ ആഴ്ചയിൽ എത്ര ദിവസങ്ങളിലാണ് ഡോക്ടറുടെ സേവനം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) രോഗികളുടെ എണ്ണത്തിലെ വർദ്ധനവും തിരക്കും പരിഗണിച്ച് എല്ലാ ദിവസങ്ങളിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത കേന്ദ്രത്തിന്റെ വിപുലീകരണത്തിന് ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ശബരിമലയിലെ തീർത്ഥാടകർക്കുള്ള സൗകര്യം

4156 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഭക്തജനങ്ങൾക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിന് ശബരിമലയുമായി ബന്ധപ്പെട്ടുള്ള കേന്ദ്രങ്ങളിൽ വിവിധ സംസ്ഥാനങ്ങൾക്ക് എത്ര വീതം സ്ഥലം എവിടെയെല്ലാം നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത സ്ഥലങ്ങൾക്കായി ഏതെല്ലാം ഗവൺമെന്റുകൾ അപേക്ഷകൾ നൽകിയിരുന്നുവെന്ന് അറിയിക്കുമോ;

(സി) ഇങ്ങനെ സ്ഥലം നൽകുന്നതിനു പകരമായി പ്രസ്തുത സംസ്ഥാനങ്ങളിലോ തീർത്ഥാടനകേന്ദ്രങ്ങളിലോ വിനോദസഞ്ചാര കേന്ദ്രങ്ങളിലോ തിരുവിതാംകൂർ ദേവസ്വം ബോർഡിനോ കേരളത്തിനോ പ്രത്യേകമായി സ്ഥലം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) അന്യസംസ്ഥാന തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുവാൻ അവരുടെ ഗവൺമെന്റുകൾക്ക് സ്ഥലം നൽകുന്നതിനു പകരം ദേവസ്വം ബോർഡിനോ കേരള സർക്കാരിനോ നേരിട്ട് ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് വരുമാനം ഉയർത്തുവാനും നല്ല സേവനം ലഭ്യമാക്കുവാനും കഴിയുകയില്ലേ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ശബരിമലയിലെ നടവരവ്</u>

4157

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്രാവശ്യത്തെ മണ്ഡല - മകരവിളക്ക് കാലയളവിലെ നടവരവിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) മുൻവർഷത്തേക്കാൾ വരവിൽ കുറവുവന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

കുറ്റ്യാടി മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് അനുവദിച്ച ധനസഹായം

4158 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷത്തിൽ ദേവസ്വം വകുപ്പിൽ നിന്നും ദേവസ്വം ബോർഡുകളിൽ നിന്നും ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ക്ഷേത്രങ്ങളിൽ എത്ര ക്ഷേത്രങ്ങൾക്ക് ഇത്തരത്തിൽ ധനസഹായം അനുവദിച്ചുവെന്നും ഓരോ ക്ഷേത്രങ്ങൾക്കും എത്ര തുക വീതമാണ് ധനസഹായം നൽകിയതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ദേവസ്വം ബോർഡിന്റെ ഭൂമി കർണ്ണാടക സർക്കാരിന് കൈമാറുന്നതുമായി ബന്ധപ്പെട്ട ധാരണാപത്രം</u>

4159 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കയ്യിലുള്ള സ്ഥലം കർണ്ണാടക സർക്കാരിന് ഗസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിനുവേണ്ടി കൈമാറാൻ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എം.ഒ.യു ഒപ്പു വച്ചിട്ടുണ്ടോ; ആരൊക്കെ തമ്മിലാണ് എം.ഒ.യു ഒപ്പു വച്ചതെന്ന് വിശദമാക്കാമോ; എം.ഒ.യു വിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഏത് പ്രദേശത്ത് എത്ര ഭൂമിയാണ് എം.ഒ.യു പ്രകാരം നൽകുന്നതെന്ന് വ്യക്തമാക്കമോ;

(ഡി) ഈ സ്ഥലം കൈമാറ്റത്തിനായി എന്നാണ് സർക്കാർ അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ; സർക്കാർ അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പു ലഭ്യമാക്കാമോ?